# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**15.05.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.20ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.05.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 ഇൻഫർമേഷൻ കേരള മിഷന് പുതിയ സർവർ വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.2 ബജറ്റിന്റെ അനുബന്ധം IV ൽ ഷോർട്ട്ഫാൾ സംബന്ധിച്ചുള്ള ചില തിരുത്തലുകൾ വരുത്താനുള്ളത് കഴിവതും വേഗത്തിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.3 ലോക ബാങ്ക് സഹായം റിലീസ് ചെയ്യുന്നതിനുള്ള നടപടി രണ്ടു ദിവസത്തിനകം പൂർത്തിയാകുമെന്ന് നിരീക്ഷിച്ചു.

2.4 തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് അർഹമായതിൽ അധികരിച്ചു നൽകിയ തുക തിരിച്ചടയ്ക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.5 നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് തനത് ഫണ്ട് പിരിവിന്റെ കാര്യക്ഷമതയുടെ (tax effort) അടിസ്ഥാനത്തിൽ വികസനഫണ്ട് വിതരണം ചെയ്യുന്ന രീതി കാലോചിതമായി പരിഷ്ക്കരിക്കാനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭക്ക് സമർപ്പിക്കേണ്ടതാണെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി/ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പ്)

2.6 ഭവന പദ്ധതി വായ്പയെ സംബന്ധിച്ച് സംസ്ഥാന സഹകരണ ബാങ്കുമായി ചർച്ച ചെയ്യാൻ പ്രിൻസിപ്പൽ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ് എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3. **പ്രത്യേക വിഷയങ്ങൾ**

**3.1 കീഴരിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 10997/ഡി.എ2/13/തസ്വഭവ) തീയതി.15.05.2013**

എഗ്രിമെന്റ് വച്ച് ഇറിഗേഷൻ വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പയ്യന്നൂർ നഗരസഭ ഫയൽനം.69892/ഡി.സി.3/13/തസ്വഭവ)തീയതി.15.05.2013**

ബിറ്റുമിന്റെ വില വ്യത്യാസം നൽകുന്നതിന് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.3 **കൊല്ലം കോർപ്പറേഷൻ (ഫയൽ നം. 24275/ഡി.സി3/13/തസ്വഭവ)തീയതി.15.05.2013**
ഭരണ വകുപ്പുതലത്തിൽ തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.4 **മേലടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 28131/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.15.05.2013**

വികലാംഗ സഹായ പ്രോജക്ടിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.5 **ഇടുക്കി ജില്ലാ പഞ്ചയത്ത് (ഫയൽ നം. 5932/ബി1/13/എസ്.ജെ.ഡി)**
**തീയതി.15.05.2013**

നവജാത പെൺകുട്ടികൾക്കായുള്ള പദ്ധതി നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.6 **കണ്ണൂർ നഗരസഭ (ഫയൽ നം. 24801/ഡി.ബി3/13/തസ്വഭവ) തീയതി. 15.05.2013**

വേനൽക്കാലം കഴിഞ്ഞാൽ ടാങ്കർ ലോറി എപ്രകാരം ഉപയോഗപ്പെടുത്തും എന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.7 **പായിപ്പാട് ഗ്രാമപഞ്ചായത്ത . തീയതി.15.05.2013**

ഫിഷ്മാർക്കറ്റ് നവീകരണം സംബന്ധിച്ച ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സമർപ്പിച്ച നിർദ്ദേശം ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.8 **ചെറുപുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 30516/ഡി.എ.2/13/തസ്വഭവ)**
**തീയതി.15.05.2013**

പട്ടികജാതിയിൽപ്പെട്ടിരുന്ന ജനവിഭാഗങ്ങളെ പട്ടികവർഗത്തിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ ഉപപദ്ധതി വിഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിനുണ്ടായ തടസ്സങ്ങൾ പരിഹരിക്കാൻ 2008-ൽ കാസറഗോഡ് ജില്ലായ്ക്കായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിഷ്ക്കരിച്ച് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.9 **കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 4150/എഫ്.എം.2/13/തസ്വഭവ)**
**തീയതി.15.05.2013**

ഭവന പദ്ധതി ഏറ്റെടുക്കുന്നതിന് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ പാലിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.10 **തലനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം 29837/ഡി.ബി.3/13/തസ്വഭവ)**
**തീയതി.15.05.2013**

ടൂവീലർ വാങ്ങിയ നടപടിക്ക് പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.11 **കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം 24507/ഡി.ഡി.1/13/തസ്വഭവ)**
**തീയതി.15.05.2013**

എസ്.സി.പി/റ്റി.എസ്.പി വിഹിതം പൊതു വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം അനുവദിക്കാവുന്നതല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 9.30 സമാപിച്ചു)**